**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 363** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ തൂഫാൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ലഹരിമാഫിയാ ശൃംഖലകളെയും വിതരണ ശൃംഖലകളെയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ തൂഫാൻ' എന്ന പേരിലുള്ള സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ഇതുവരെ കൈവരിച്ച പുരോഗതിയും അറസ്റ്റ് ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് വിവരങ്ങളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ലഹരി മരുന്ന് വ്യാപനം, ലഹരി മാഫിയ പ്രവർത്തനങ്ങൾ, ലഹരി ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിനായി 2026 ജൂൺ ആദ്യവാരത്തോടെ ഈ സർക്കാർ ആരംഭിച്ച ഏറ്റവും വലിയ ആന്റി-നാർക്കോട്ടിക്സ് പദ്ധതിയാണ് **ഓപ്പറേഷൻ തൂഫാൻ (Operation Toofan).** വിദ്യാലയങ്ങൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ, ഗതാഗത കേന്ദ്രങ്ങൾ, താമസ മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിൽപ്പന, സംഭരണം, വിതരണം, ഉപയോഗം എന്നിവ കണ്ടെത്തി കർശന നിയമനടപടികൾ സ്വീകരിച്ച് ലഹരി മാഫിയകളുടെ വേരറക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഉത്തര മേഖലാ ഐ.ജി.പി ആയ ശ്രീ.പുട്ട വിമലാദിത്യയെ ഓപ്പറേഷൻ തൂഫാന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലായി 4 അംഗങ്ങൾ വീതമുള്ള നാല് പ്രത്യേക ടീമുകൾ രൂപീകരിക്കുകയും, പ്രസ്തുത ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ ലഭ്യമാകുന്ന ഉറവിടങ്ങൾ കണ്ടെത്തി തടയുന്നതിനും, വിതരണ ശൃംഖലകളെ തകർക്കുന്നതിനും, ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ സമഗ്ര അന്വേഷണം നടത്തുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് **2,954 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **3,176 പേരെ അറസ്റ്റ്** ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, **COTPA** നിയമപ്രകാരം **1,421 കേസുകൾ** കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കേരള പോലീസ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 2,152-ലധികം ബോധവൽക്കരണ ക്ലാസുകളും 167 കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട 12 പേരെ ഡി-അഡിക്ഷൻ സെന്ററുകളിലേക്ക് ചികിത്സയ്ക്കും പുനരധിവാസത്തിനുമായി റഫർ ചെയ്തിട്ടുണ്ട്. ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പറുകളിലും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പറിലൂടെയും വിവരം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് 1,600-ലധികം ഫോൺ കോളുകളും 1,116 വാട്ട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുള്ളതും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി മയക്കുമരുന്ന് സംഘങ്ങളെ കണ്ടെത്തുന്നതിനുള്ള രഹസ്യാന്വേഷണം, അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധനകൾ, വ്യാപക റെയ്ഡുകൾ എന്നിവ ഉൾക്കൊള്ളുന്ന **Toofan Strike,** സമൂഹത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനായുള്ള **Toofan Warriors,** ലഹരിക്ക് അടിമപ്പെട്ടവരുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമിടുന്ന **Toofan Care** എന്നീ ഘടകങ്ങളും സമാന്തരമായി നടപ്പിലാക്കിവരുന്നു. മയക്കുമരുന്ന് ഉറവിടങ്ങളെക്കുറിച്ചുള്ള രഹസ്യവിവര ശേഖരണവും വിശകലനവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ **T-Int (Toofan Intelligence)** എന്ന പ്രത്യേക സംവിധാനം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നിയമനിർവഹണം, ബോധവൽക്കരണം, പുനരധിവാസം എന്നീ മേഖലകളെ സമന്വയിപ്പിച്ച് കൊണ്ട് ലഹരിവിമുക്ത സമൂഹം സൃഷ്ടിക്കുന്നതിനുള്ള സമഗ്ര ഇടപെടലായാണ് ഓപ്പറേഷൻ ഡി-ഹണ്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

**(ബി)** ഈ സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ച് നാളിതുവരെ സംസ്ഥാനത്തുടനീളം എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും ഇതിലൂടെ പിടിച്ചെടുത്ത എം.ഡി.എം.എ., കഞ്ചാവ്, ഹാഷിഷ് ഓയിൽ തുടങ്ങിയ മാരക ലഹരിവസ്തുക്കളുടെ അളവ് എത്രയെന്നും വിശദമാക്കാമോ;

<u>**മറുപടി:**</u> 02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് **2,954 കേസുകൾ** രജിസ്റ്റർ ചെയ്യുകയും **3,176 പേരെ അറസ്റ്റ്** ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, **COTPA** നിയമപ്രകാരം **1,421 കേസുകൾ** കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 229.69 Kg കഞ്ചാവും, 1.680 Kg MDMA യും, 1.6499 gm മെത്താംഫെറ്റമിനും, 464.605 gm ഹാഷിഷ് ഓയിലും, 370.339 gm ബ്രൗൺ ഷുഗറും, 154 കഞ്ചാവ് ചെടികളും പിടിച്ചെടുത്തിട്ടുണ്ട് .

**(സി)** കേരളത്തിലേക്ക് ലഹരിമരുന്നുകൾ എത്തിക്കുന്ന അന്തർസംസ്ഥാന ശൃംഖലകളെയും ലഹരി ഉത്പാദന കേന്ദ്രങ്ങളെയും ലക്ഷ്യമിട്ട് കേന്ദ്ര ഏജൻസികളായ ഇ. ഡി., ഡി. ആർ. ഐ. എന്നിവയുടെ സഹകരണത്തോടെ മറ്റ് സംസ്ഥാനങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

<u>**മറുപടി:**</u> സംസ്ഥാനാന്തര- രാജ്യാന്തര ലഹരിക്കടത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് 16-06-2026-ാം തീയതി ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ അധ്യക്ഷതയിൽ Inter Agency Coordination Meeting കൂടിയിട്ടുള്ളതാണ്.

**(ഡി)** ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറാൻ സജ്ജമാക്കിയ ഡിജിറ്റൽ സർവൈലൻസ് സംവിധാനങ്ങളുടെയും (വാട്സാപ്പ് ചാറ്റ്ബോട്ടുകൾ, മൊബൈൽ ആപ്പുകൾ) ഹെൽപ്പ്ലൈൻ നമ്പറുകളുടെയും വിനിയോഗം എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കാമോ?

<u>**മറുപടി:**</u> ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി കൈമാറുന്നതിനായി 9497979794, 9497927797 എന്നീ ഫോൺ നമ്പറുകളിലും 9995966666 എന്ന വാട്ട്സ്ആപ്പ് നമ്പറിലൂടെയും വിവരം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് 1,600-ലധികം ഫോൺ

കോളുകളും 1,116 വാട്ട്സ്ആപ്പ് സന്ദേശങ്ങളും ലഭിച്ചിട്ടുള്ളതും, ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**